# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 സെപ്തംബർ 1

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ 2020ൽ കോഴ്സ് വർക് പൂർത്തിയാക്കിയ ഗവേഷക വിദ്യാർഥികൾക്കും/ 2019 പിഎച്ച്.ഡി. പ്രവേശനം നേടുകയും കോഴ്സ് വർക് രണ്ട് സ്പെല്ലും പൂർത്തിയാക്കുകയും ചെയ്ത ഗവേഷക വിദ്യാർഥികൾക്കും/ സപ്ലിമെന്ററി വിദ്യാർഥികൾക്കും പിഴയില്ലാതെ സെപ്തംബർ മൂന്നുവരെയും 525 രൂപ പിഴയോടെ സെപ്തംബർ ആറുവരെയും 1025 രൂപ പിഴയോടെ സെപ്തംബർ ഏഴുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/834/2021)

## പ്രാക്ടിക്കൽ

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷൽ എജ്യൂക്കേഷൻ - ലേണിങ് ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷൽ എജ്യൂക്കേഷനിൽ സെപ്തംബർ മൂന്നിന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/835/2021)

## ബിരുദ ഏകജാലകം: സെപ്തംബർ രണ്ടുവരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കാം

മഹാത്മാഗാന്ധി സർവകലാശാല ബിരുദ ഏകജാലക പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് നേരത്തെ നൽകിയ ഓപ്ഷനുകൾ സെപ്തംബർ രണ്ടിന് രാവിലെ 11 മുതൽ സെപ്തംബർ മൂന്നിന് വൈകീട്ട് നാലുവരെ പുനക്രമീകരിക്കാം. അപേക്ഷകർക്ക് അപേക്ഷയുടെ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ പുനക്രമീകരണം നടത്താം. എന്നാൽ പുതുതായി കോളേജുകളോ പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ സാധിക്കില്ല. ഒന്നാം അലോട്മെൻ്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് നിലവിൽ ലഭിച്ച അലോട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യണം. അലോട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് രണ്ടാം അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം നേടണം. ആദ്യ അലോട്മെന്റ് റദ്ദാക്കപ്പെടും. ഒന്നാം അലോട്മെന്റിൽ സ്ഥിരപ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.

(പി.ആർ.ഒ/39/836/2021)

## സ്കോളർഷിപ്പ്

അംഗപരിമിതരായ വിദ്യാർഥികൾക്കുള്ള 2019-20, 2020-21 അക്കാദമിക വർഷങ്ങളിലെ സ്കോളർഷിപ്പ്, ട്രാൻസ്ജൻഡർ വിദ്യാർഥികൾക്കുള്ള 2020-21 വർഷത്തെ മെഡിക്കൽ എയ്ഡ്/ സ്കോളർഷിപ്പ്, കൾച്ചറൽ സ്കോളർഷിപ്പ് (അലത്താളം - 2019, ആർട്ടിക്കിൾ 14-2020, 2018 സൗത്ത് സോൺ, 2019 സൗത്ത് സോൺ, 2019 നാഷണൽ, 2020 നാഷണൽ കലോത്സവങ്ങളിൽ വിജയികളായ വിദ്യാർഥികൾക്ക് 2019, 2020 വർഷങ്ങളിൽ ജനുവരി 26ലെ റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുത്തിട്ടുള്ള

വിദ്യാർഥികൾക്കുള്ള ചികിത്സാ സഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ സെപ്റ്റംബർ 15ന് വൈകീട്ട് 4.30 വരെ ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ്, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ സ്വീകരിക്കും. കോളേജ് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. അപേക്ഷഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731031.

(പി.ആർ.ഒ/39/837/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ